(ഡി) ഗുരുവായൂർ ദേവസ്വത്തിൽ ക്ഷേത്രത്തിന് യോജിച്ച തരത്തിലുള്ള വൃക്ഷങ്ങൾ നട്ടുവളർത്തുന്നതിനുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൂടൽമാണിക്യം ദേവസ്വത്തിൽ ഇതിനായി നക്ഷത്ര വനം പരിപാടി നടപ്പാക്കി വരുന്നു.

കൊച്ചി ദേവസ്വം ബോർഡിന്റെ ക്ഷേത്ര ഭൂമികളിൽ വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുന്നതിന് സംസ്ഥാന ഔഷധസസ്യ ബോർഡും. ഓഷധിയും ചേർന്ന് കൊച്ചിൻ ദേവസ്വം ബോർഡിനു നൽകിയ വൃക്ഷത്തൈകൾ ബോർഡിന്റെ കീഴിലുള്ള ചോറ്റാനിക്കര ഭഗവതിക്ഷേത്രത്തിലും, തൃശ്ശൂർ, തൃപ്പൂണിത്തുറ, തിരുവഞ്ചിക്കുളം, തിരുവിലാമല, ഗ്രൂപ്പുകളിലെ സൗകര്യപ്രദമായ ക്ഷേത്രങ്ങളിലും നട്ടുപിടിപ്പിക്കുന്നതിന് വിതരണം ചെയ്തിട്ടുണ്ട്. ഇതുപ്രകാരം ചന്ദനം—750, കണിക്കൊന്ന—150, നാടൻ നെല്ലി—150, കുവളം—150, അശോകം —149, ഒട്ട് നെല്ലി—150 എന്നീ പ്രകാരം തൈകൾ വിതരണം ചെയ്തിട്ടുണ്ടെന്ന് ബോർഡ് അറിയിച്ചിട്ടുണ്ട്.

മലബാർ ദേവസ്വം ബോർഡിൻ കീഴിൽ വരുന്ന ക്ഷേത്രങ്ങളിൽ ദേവാരണ്യം പദ്ധതി നടപ്പാക്കുന്നതിന്റെ ഭാഗമായി ക്ഷേത്രങ്ങൾക്ക് ആവശ്യമായ വൃക്ഷത്തൈകൾ വനംവകുപ്പുമായി ബന്ധപ്പെട്ട് വാങ്ങുന്നതിന് ക്ഷേത്രഭരണാധികാരികൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ടെന്ന് ബോർഡ് അറിയിച്ചിട്ടുണ്ട്.

ദേവാരണ്യം പദ്ധതിയിലൂടെ ക്ഷേത്രഭൂമിയിൽ പൂജാപുഷ്പങ്ങൾ വളർത്തുന്നതോടൊപ്പം വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെന്ന് തിരുവിതാംകൂർ ദേവസ്വം ബോർഡ് അറിയിച്ചിട്ടുണ്ട്.

ഡിസ്കവർ കേരള ടൂറിസം പാക്കേജ്

17 (*497) ശ്രീ. എം. ഹംസ :
ശ്രീ. അൽഫോൺസ് കണ്ണന്താനം :
ശ്രീ. എ. എം. ആരിഫ് :
ശ്രീ. കെ. വി. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കേരള ടൂറിസം ഡെവലപ്പ്മെന്റ് കോർപ്പറേഷൻ ആരംഭിച്ച 'ഡിസ്കവർ കേരള' ടൂറിസം പാക്കേജിന്റെ വിശദാംശം വെളിപ്പെടുത്തുമോ ;

(ബി) പദ്ധതി വിജയകരമാണോയെന്ന് വ്യക്തമാക്കുമോ ;

(സി) ഇതുവരെ എത്രപേർ പദ്ധതി പ്രയോജനപ്പെടുത്തിയിട്ടുണ്ട് ;

(ഡി) കേരളത്തിലെ വിവിധ ടൂറിസം കേന്ദ്രങ്ങളെ ബന്ധപ്പെടുത്തിയുള്ള കൂടുതൽ ടൂറിസം പാക്കേജുകൾ ആവിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(ഇ) കൂടുതൽ ആഭ്യന്തര ടൂറിസ്റ്റുകളെ ആകർഷിക്കുന്നതിന് കെ.ടി. ഡി. സി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ ?

ആഭ്യന്തരവും വിജിലൻസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. കോടിയേരി ബാലകൃഷ്ണൻ) :

(എ) കേരളത്തിനകത്തും പുറത്തുമുള്ള മലയാളി കുടുംബങ്ങൾ, പ്രവാസി മലയാളികൾ, ആഭ്യന്തര ടൂറിസ്റ്റുകൾ, യുവാക്കൾ, വിദ്യാർത്ഥികൾ എന്നിവർക്ക് കേരളത്തിലെ കൂടുതൽ പ്രശസ്തമല്ലാത്തതും വികസന സാദ്ധ്യതയുള്ളതുമായ ടൂറിസ്റ്റ് കേന്ദ്രങ്ങളെക്കുറിച്ചും അവയുടെ സംസ്ക്കാര ത്തെക്കുറിച്ചും കൂടുതൽ മനസ്സിലാക്കിക്കൊടുക്കുക എന്ന ലക്ഷ്യത്തോടെ കെ.ടി.ഡി.സി. പുതിയതായി നടപ്പിലാക്കിയ പാക്കേജ് ടൂറാണ് 'ഡിസ്കവർ കേരള'.യുവാക്കൾക്കും വിദ്യാർത്ഥികൾക്കും പ്രത്യേകിച്ച് കേരളത്തിനു പുറത്തുള്ള ഇന്ത്യാക്കാർക്കും വിദേശത്തു പഠിക്കുന്ന വിദ്യാർത്ഥികൾക്ക് കുടും ബത്തോടൊപ്പം സന്ദർശിച്ച് കേരളത്തിലെ ടൂറിസ്റ്റ് കേന്ദ്രങ്ങളെക്കുറിച്ച് അവ ബോധം സൃഷ്ടിക്കുക എന്നതാണ് ഈ പാക്കേജ് ടൂറിന്റെ പ്രധാന ലക്ഷ്യം. കേരളത്തിന്റെ വടക്കൻ മേഖലകളെ ബന്ധിപ്പിച്ചുകൊണ്ട് ഉത്തരായനം എന്ന പേരിലും തെക്കൻ ജില്ലകളെ ബന്ധിപ്പിച്ചുകൊണ്ട് ദക്ഷിണായനം എന്ന പേരിലും കേരളമാകമാനം ബന്ധപ്പെടുത്തി സുന്ദരകേരളമെന്ന പേരിലുമായി മൂന്ന് പാക്കേജുകളാണ് പ്രസിദ്ധപ്പെടുത്തിയിരിക്കുന്നത്. മേൽപ്പറഞ്ഞ പാക്കേജുകൾ അഞ്ച് ദിവസം മുതൽ 13 ദിവസം വരെ ദൈർഘ്യമുള്ളവയാണ്. ടൂറിസ്റ്റുകൾക്ക് അവരുടെ സൗകര്യപ്രദമായ രീതിയിൽ പാക്കേജ് ദിവസങ്ങളിലും പുറപ്പെടുന്ന ദിവസങ്ങളിലും മാറ്റം വരുത്താവുന്നതാണ്. ഡിസ്കവർ കേരള പാക്കേജുകൾ എല്ലാം തന്നെ ചെലവുകുറഞ്ഞ ടൂറിസം പാക്കേജുകളാണ്.

(ബി) നല്ല പ്രതികരണമാണ് ലഭിച്ചുവരുന്നത്.

(സി) 2010 മാർച്ച്മുതൽ ജൂൺവരെ 111 പാക്കേജുകളിലായി 189 പേർ ഈ പദ്ധതി പ്രയോജനപ്പെടുത്തിയിട്ടുണ്ട്.

(ഡി) ഇപ്പോൾ ഉദ്ദേശിക്കുന്നില്ല.

(ഇ) കെ.ടി.ഡി.സി. ആഭ്യന്തര മാർക്കറ്റിൽ കൂടുതൽ ശ്രദ്ധ കേന്ദ്രീകരി ക്കുകയും സെയിൽസ് ഏജന്റുമാർക്ക് സ്പെഷ്യൽ റേറ്റുകൊടുത്ത് കൂടുതൽ റൂമുകൾ ബുക്ക് ചെയ്യുന്ന ഏജന്റുമാർക്ക് അവർ നൽകുന്ന റൂമുകളുടെ എണ്ണം അടിസ്ഥാനമാക്കി ഇൻസന്റീവ് സ്കീമും നടപ്പിലാക്കിയിട്ടുണ്ട്.

ജവഹർലാൽ നെഹ്റു ദേശീയ നഗര നവീകരണ പദ്ധതി

18 (*498) ശ്രീ. വി. ജെ. തങ്കപ്പൻ :
ശ്രീ. വി. ശിവൻകുട്ടി :
ശ്രീ. സി. എം. ദിനേശ് മണി :
ശ്രീ. സാജു പോൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

LIBRARY ARCHIVES Kerala Legislative Assembly